# ഭയപ്പെടേണ്ടാ

## ലൂക്കോസ് 2:10

### "ഭയപ്പെടേണ്ടാ"

വി.വേദപുസ്തകത്തിൽ ഭയത്തോടുള്ള ബന്ധത്തിൽ അനേക വചനഭാഗങ്ങൾ നമുക്ക് കാണാൻ കഴിയും. ഭയം എന്നത് മനുഷ്യരുടെ മനസ്സിനെ മാത്രമല്ല ജീവിതം മുഴുവനുമായി ബാധിക്കുന്നതും അത് ഒരുവന്റെ ജീവിതത്തിലെ സന്തോഷത്തെയും, സമാധാനത്തെയും, സ്വസ്ഥതയെയും നശിപ്പിക്കുകയും ചെയ്യുന്ന ഒരു മാരകമായ വിഷവിത്തു കൂടിയായാണ്. ഭയത്തിന്ന് അടിമപ്പെട്ട്, ജീവിതമാകമാനം താറുമാറായിപ്പോയ അനേക വ്യക്തിത്വങ്ങളെ ഇന്ന് നമ്മുടെ ഇടയിൽ കാണാൻ കഴിയും. 'ഭയപ്പെടരുത്' എന്ന പദം തിരുവചനത്തിൽ 365 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ടത്രേ. അതായത് ഒരു വർഷത്തിലെ എല്ലാ ദിവസവും ദൈവവചനത്തിലൂടെ ദൈവത്തിന്ന് നമ്മോട് പറയുവാനുള്ളത് 'ഭയപ്പെടരുത്' എന്ന ധൈര്യം നൽകുന്ന വാക്കാണ്.

എന്നാൽ നാം ആയിരിക്കുന്ന ഇന്നത്തെ ലോകത്തിന്റെ അവസ്ഥയിൽ നമ്മെ ഭയപ്പെടുത്തുന്ന വാക്കുകൾ കേൾക്കുവാനും, ഭീതിജനകമായ കാര്യങ്ങൾ സംഭവിക്കുവാനും നമ്മുടെ മുമ്പിൽ സാദ്ധ്യതകൾ ഏറെയുണ്ട്. ചിലപ്പോൾ ഭയപ്പെടുത്തുന്ന പ്രതികൂലമായ അന്തരീക്ഷങ്ങളിലൂടെ നാം കടന്നു പോയെന്നു വരാം. അത് ഒരുപക്ഷെ നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നവയകാം, ഭാവി ജീവിതത്തെ ബാധിക്കുന്ന കാര്യവുമായിരിക്കാം. മാനസികമോ ശാരീരികമോ ആയ വിഷയങ്ങളുമാവാം. നമ്മുടെ ജോലി കാര്യങ്ങളോ, മക്കളുടെ ഭാവി സംബന്ധമായ വിഷയങ്ങളോ ആയിക്കൂടെന്നില്ല. ഈ സാഹചര്യങ്ങളിലൂടെയൊക്കെ ഇന്ന് നാം ഏവരും കടന്നു പോകുന്നവരുമാണ്. എന്നാൽ കർത്താവിന്നു നമ്മോടു പറയുവാനുള്ളത് 'ഭയപ്പെടരുത്' എന്ന സമാധാനത്തിന്റെ വാക്കാണ്.

പ്രിയരേ, ഈ പ്രപഞ്ചത്തിന്റെ ഉടയവനും നമ്മുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ കർത്താവ് ഭയപ്പെടരുത് എന്ന് നമ്മോട് പറയുന്നത് എത്ര ആശ്വാസവും, ആത്മബലം പകരുന്നതുമായ കാര്യമത്രേ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഭയപ്പെടരുത് എന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടും, ജീവിത സാഹചര്യങ്ങളുടെ നടുവിൽ നാം ഭയപ്പെട്ടു പോയാൽ, വളരെ ദയനീയമായി ആ കർത്താവ് തന്നെ നമ്മോട് ചോദിക്കും, നിങ്ങൾ എന്തിന്നു ഭയപ്പെട്ടു? കാരണം കർത്താവിനെ ഏറ്റവും അധികം വിഷമിപ്പിക്കുന്ന കര്യമാണ് ഒരു ദൈവപൈതലിന്റെ ഭയപ്പാടുകൾ.

എന്നാൽ യേശു കർത്താവാണ് നമ്മുടെ ജീവിതത്തിന്റെ നിയന്ത്രിതാവ്, അവനാണ് നമ്മുടെ വലങ്കയ്യിൽ പിടിച്ചിരിക്കുന്നത്, അവനത്രെ നമ്മുടെ കൂടെ നടക്കുന്നത്, അവനറിയാതെ ഒന്നും എന്റെ ജീവിതത്തിൽ കടന്നുവരികയില്ല, അവൻ എനിക്കു നന്മ മാത്രമേ ചെയ്കയുള്ളു, എന്നു നാം അറിയുന്നു, എന്നു നാം വിശ്വസിക്കുന്നു. അങ്ങിനെയെങ്കിൽ ഇന്ന് അവനോടൊപ്പം ആയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന നാം ഓരോരുത്തരും നമ്മുടെ ഭയപ്പാടുകൾ മാറ്റിവെച്ച് ജീവിതത്തിൽ ധൈര്യപൂർവ്വം മുന്നേറാൻ ഇടയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

മത്തായി 10:28

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 160**